# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കപ്പൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

***e-mail:dopkd.ksad@kerala.gov.in***

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി20/90/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി-12.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കപ്പൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കപ്പൂർ ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.
--------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കപ്പൂർ ഗ്രാമപഞ്ചായത്തിന്റ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫല മായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി20/90/2017 തിയ്യതി: 12.01.2017

<u>പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 30/09/2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന14.10.2016 ന് പെർഫോമൻസ് ഓഡിറ്റ് വിഭാഗം നടത്തിയിട്ടുള്ളതാണ്. ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായിട്ടില്ല. പഞ്ചായത്ത് 1.9.2016 മുതൽ 30.9.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ യിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട്

ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 03/2016 മാസത്തെ വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം |
|---|---|
| 1. മാനുവൽ രശീതികൾ 47269 മുതൽ 47270 വരെ<br>2. 27477മുതൽ 27481 വരെ | 7 |
| സാംഖ്യ രശീതികൾ11601100935 മുതൽ 11601102049 വരെ | 198 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2016 മുതൽ 28.10.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എൻ.സുമേഷ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വി.ടി.ഉഷാകുമാരി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശ്രീജിത്.പി.ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | 1 | കെ.കെ.ചന്ദ്രദാസൻ | 1.4.2015മുതൽ 27.04.15 വരെ |
| | 2 | കെ.എൈ.റോയ് | 28.4.2015മുതൽ 22.07.2015 വരെ |
| | 3 | കെ.എ.അബൂബക്കർ | 23.07.2015മുതൽ 31.03.2016 വരെ |
| സെക്രട്ടറി | 1 | ശ്രീ.ചന്ദ്രദാസൻ.കെ.കെ | 1.04.2015മുതൽ 27.04.2015വരെ |
| | 2 | ശ്രീ.റോയ്.കെ.എൈ.കോളാടി | 28.04.2015മുതൽ 22.07.2015വരെ |
| | 3 | കെ.എ.അബൂബക്കർ | 23.07.2015മുതൽ 31.03.2016വരെ |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | 1 | ശ്രീ.ചന്ദ്രദാസൻ.കെ.കെ | 1.4.2015മുതൽ 20.8.2015 വരെ |
| | 2 | ശ്രീ.ജോസ്.എം.സൈമൺ | 21.8.2015മുതൽ 31.3.2016 വരെ |
| അസി.എഞ്ചിനിയർ | | ശ്രീമതി.എൻ.എസ്.സുധ | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | | ഡോ.വിപിൻ കിഷോർ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | ഡോ.ജയറാം | 1.4.2015മുതൽ 12.6.2015 വരെ |
| | 2 | ഡോ.കൃഷ്ണദാസ്.പി.കെ | 13.6.2015മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | | ഡോ.അനിത പ്രസാദ് | 1.4.2015മുതൽ 31.3.2016 വരെ |
| വി.ഇ.ഒ | | ശ്രീ.അബ്ദുൾ ജലീൽ.പി.ഇ | 1.4.2015മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | | ശ്രീ.അജിത് മോഹൻ. എൻ.കെ | 1.4.2015മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി.അജിതകുമാരി.എൻ | 1.4.2015 മുതൽ 31.3.2016 വരെ |
| പ്രധാന അധ്യാപിക | | ശ്രീമതി.ബീനകുമാരി.പി | 1.4.2015മുതൽ 31.3.2016 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തൊഴിൽ നികുതി-അപാകങ്ങൾ | 2(1) |
| 2 | വാടക മുറികൾ ഒഴിഞ്ഞുകിടക്കുന്നത് സംബന്ധിച്ച് | 2(2) |
| 3 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2(3) |
| 4 | വസ്തു നികുതി പിരിവിലെ അപാകത സംബന്ധിച്ച് | 2(4) |
| 5 | ഡി & ഒ അപാകതകൾ സംബന്ധിച്ച് | 2(5) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം-വകയിരുത്തിയ തുകയുടെ പകുതിമാത്രം ചെലവ്. | 3(1) |
| 2 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതികരം കുടിശ്ശിക അടവാക്കിയത് | 3(2) |
| 3 | സാന്ത്വനപരിചരണം-അപാകതകൾ | 3(3) |
| 4 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3(4) |
| 5 | അസാധാരണ ചെലവുകൾ-ചട്ടങ്ങൾ പാലിക്കണം | 3(5) |
| 6 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറണം | 3(6) |
| 7 | തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3(7) |
| 8 | വാഹനത്തിന്റെ പരിപാലനം – മാർഗ്ഗനിർദ്ദേശങ്ങൾ | 3(8) |

| | | |
|---|---|---|
| | പാലിക്കണം | |
| 9 | ആശ്രയ പദ്ധതി നടത്തിപ്പ്-അവലോകനം | 3(9) |
| 10 | ഗുണഭോക്താവിന്റെ പേരിൽ വാഹനം രജിസ്റ്റർ ചെയ്തില്ല-ചെലവ് തുക 69000 രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 3(10) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
|---|
| 01 (1)/ 28-03-2016 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 26-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 22403389 |
| വരവ് | 34841012 |
| ആകെ | 57244401 |
| ചെലവ് | 50094786 |
| നീക്കിബാക്കി | 7149615 |

## 1-5 ഫണ്ട് വിനിയോഗം

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | | ആകെ തുക | ആകെ ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP40b പ്രകാരം) |
|---|---|---|---|---|---|---|---|
| | | മറ്റ് ഫണ്ടുകളിൽ നിന്ന് TC ആയി വന്ന തുക | അലോക്കേഷൻ വരവ് | | | | |
| വികസന ഫണ്ട് (ജനറൽ) | 1503687 | 8087756 | 1922573 | 11514016 | 7132219 | 4381797* | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 3587193 | 0 | 4991267 | 8578460 | 5308467 | 3269993** | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1023900 | 828370 | 4123586 | 5147486 | 5975856 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2731783 | 0 | 135593 | 2867376 | 2039006 | 828370*** | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1233647 | 0 | 6016176 | 7249823 | 4346437 | 2903386** | 0 |
| ലോകബാങ്ക് സഹായം | 2821750 | 0 | 912018 | 3733768 | 1819391 | 1914377** | 0 |

* ചെലവഴിക്കാത്ത് തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചത്

**VPFA IIaയിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക

***MG(R)-ൽ നിന്ന് MG(NR) ലേക്ക് TC ചെയ്ത തുക

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ |
|---|---|---|---|---|

| | | | | ശതമാനം |
|---|---|---|---|---|
| 302 | 137 | 0 | 165 | 45 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 13 | 3394130 | 2919114 | 86 |
| അസി.സെക്രട്ടറി | 07 | 05 | 2284000 | 1276700 | 56 |
| അസി. എഞ്ചിനിയർ | 233 | 89 | 36941886 | 20336550 | 55 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 5 | 4 | 457300 | 442299 | 97 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 370000 | 370000 | 100 |
| വെറ്റിനറി സർജൻ | 11 | 3 | 2758050 | 455000 | 17 |
| കൃഷി ഓഫീസർ | 10 | 06 | 5967529 | 1870000 | 31 |
| ICDS സൂപ്പർവൈസർ | 08 | 07 | 3598605 | 3011459 | 84 |
| വി.ഇ.ഒ | 08 | 07 | 3744800 | 2125000 | 57 |
| ഹെഡ് മാസ്റ്റർ | 02 | 01 | 422401 | 372401 | 88 |
| ആകെ | 302 | 137 | 59938701 | 33178523 | |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം (2014-15) | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4272172 | 2650200 | -1621972 | -38% |
| നികുതിയേതര വരവുകൾ | 502318 | 562940 | 60622 | +12% |
| മറ്റ് വരവുകൾ | 111430 | 123850 | 12420 | 11% |
| ആകെ | 4885920 | 3336990 | -1548930 | |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസം ഉണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 00 | 00 | 00 | |
| 2 | തൊഴിൽ രഹിത വേതനം | 02 | 00 | 02 | |
| 3 | വിധവാ പെൻഷൻ | 79 | 66 | 13 | |
| 4 | വികലാംഗ പെൻഷൻ | 15 | 12 | 03 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 02 | 02 | 00 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 265 | 222 | 43 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-10-2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7211/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 14.10.2016 | 1.9.2016 മുതൽ 30.09.2016 വരെ | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | | 1997-98 മുതൽ 1999-2000 വരെ | 7/2001 | ഇല്ല |

## 1-11 അനുബന്ധ പത്രിക

അനുബന്ധം-1ഓഡിറ്റ് സർട്ടിഫിക്കറ്റ്

# <u>ഭാഗം -2</u>

# <u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 തൊഴിൽ നികുതി-അപാകങ്ങൾ

1.തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച്

2015-16 ലെ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ / സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രനം | സ്ഥാപനം | ഈടാക്കാത്ത അടവുവിവരം |
|---|---|---|
| | | |

| | | |
|---|---|---|
| 1 | പോസ്റ്റോഫീസ്, കല്ലടത്തൂർ | ഇരു അർദ്ധവർഷത്തേയും തൊഴിൽ/സ്ഥാപന നികുതികൾ |
| 2 | പോസ്റ്റോഫീസ്, എറവക്കാട് | ഇരു അർദ്ധവർഷത്തേയും തൊഴിൽ/സ്ഥാപന നികുതികൾ |
| 3 | സലാഹുദ്ദീൻ അയൂബി ഇംഗ്ലീഷ് മീഡിയം സ്കൂൾ | ഇരു അർദ്ധവർഷത്തേയും തൊഴിൽ/സ്ഥാപന നികുതികൾ |
| 4 | നിഹാദ് ഓഡിറ്റോറിയം | ഇരു അർദ്ധവർഷത്തേയും തൊഴിൽ/സ്ഥാപന നികുതികൾ |
| 5 | അനുഗ്രഹ ചിട്ടി ഫണ്ട് | ഇരു അർദ്ധവർഷത്തേയും തൊഴിൽ/സ്ഥാപന നികുതികൾ |
| 6 | കോ-ബാങ്ക്, കുമരനെല്ലൂർ | രണ്ടാം പാദ സ്ഥാപന നികുതി |

2)തൊഴിൽ നികുതി അടവാക്കാത്തതു സംബന്ധിച്ച്

2015-16 ഒന്നാം അർദ്ധവർഷം എൽ. എസ്. ജി. എ (എ. ഇ) ഓഫീസിലെ അസി-എൻജിനീയർ ഇരു അർദ്ധവർഷത്തേയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല

3.തൊഴിൽ നികുതി റിട്ടേണുകളിലെ അപാകതകൾ സംബന്ധിച്ച്

ജി. എച്ച്. എസ്. എസ് കുമരനെല്ലൂർ പ്രിൻസിപ്പൽ അയച്ച രണ്ടാം പാദ തൊഴിൽ നികുതി റിട്ടേണുകളിൽ പലരുടെയും മൊത്തവരുമാനത്തിന്റെ കോളം മാത്രമാണ് പൂരിപ്പിച്ചിരിക്കുന്നത്.അടിസ്ഥാന ശമ്പളം, ഡി എ എന്നിവയുടെ കോളങ്ങളൊന്നും തന്നെ പൂരിപ്പിച്ചിട്ടില്ല .ഉദാ:- ബീന പി ജോർജ്ജ്(പ്രിൻസിപ്പൽ),റീന ശങ്കരൻ, സൗമിനി, ശ്രുതി, ദീപ(5 പേരും എച്ച്.എസ്.എസ്.ടി) മുഹിയുദ്ദീൻ(ലാബ് അസിസ്റ്റന്റ് ).

പ്രകാശ് കുമാർ വി (ഔദ്യോഗിക വിവരം കാണിച്ചിട്ടില്ല) ജി എച്ച് എസ് എസ് ഊരാമന(എറണാകുളം ജില്ല) എന്ന സ്കൂളിലേക്ക് സ്ഥലം മാറിയെന്ന മാത്രം കാണിച്ചിരിക്കുന്നു( ആദ്യ പാദം). എന്നാൽ ട്രാൻസ്ഫർ തിയ്യതി, ട്രാൻസ്ഫർ ആയിടത്ത് നികുതി ഒടുക്കിയോ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.

പരമാവധി തൊഴിൽ നികുതി (1250 രൂ) അടക്കുന്ന ജീവനക്കാരാണെങ്കിലും തന്നെ ഉത്തരവാദപ്പെട്ട സ്ഥാപനത്തിലേക്ക് പ്രധാനപ്പെട്ടവിവരങ്ങൾ നൽകുമ്പോൾ അതിന്റെ ആധികാരിത പുലർത്തുന്നുണ്ടോയെന്നും,ജീവനക്കാരുടെ മറ്റു വിവരങ്ങൾ കൃത്യമായി തന്നെ സ്ഥാപനമേധാവി റിട്ടേണുകളൽ കാണിച്ചിട്ടുണ്ടോയെന്നും സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

ജി. ജി.എച്ച്. എസ്. എസ്, കുമരനെല്ലൂർ സ്കൂളിലെ ഹണി പീറ്റർ, അലി അസ്ഗർ.കെ.വി (രണ്ടാളും എച്ച് എസ് എ)എന്നിവർ പി.എച്ച് ആയതിനാൽ നികുതിയിൽ നിന്നൊഴിവാക്കപ്പെട്ടിരിക്കുന്നു. എന്നാൽ റിട്ടേണിനൊപ്പം ഇവരെ സംബന്ധിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അർദ്ധവർഷത്തെ മൊത്തവരുമാനത്തിൽ എച്ച്. ആർ. എ ഉൾപ്പെടുത്തേണ്ടതില്ല.(കേ.പ.രാ.ആക്ട് സെ: 204(3) ). ചില സ്ഥാപനങ്ങളുടെ റിട്ടേണുകളിൽ ഉൾപ്പെടുത്തിയതായി കാണുന്നു(കനറ കുമരനെല്ലൂർ, കുമരനെല്ലൂർ കോ-ബാങ്ക് , ഗവ: പ്രീ മെട്രിക് ഹോസ്റ്റൽ)

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-2 വാടക മുറികൾ ഒഴിഞ്ഞുകിടക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 20 കടമുറികളാണുള്ളത്. എന്നാൽ ഇതിൽ 6 കടമുറികൾ 2012-13 മുതൽ എറെക്കാലമായി ഒഴിഞ്ഞുകിടക്കുന്നതായി കാണുന്നു. ( റൂം നമ്പറുകൾ 334,335, 339, 340, 341, 342 ) ഷട്ടർ ബ്രോക്കൺ എന്നാണ് രജിസ്റ്ററിൽ കാരണം കാണിച്ചിരിക്കുന്നത്. പഞ്ചായത്തിന്റെ പരിമിതമായ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി ഇത്തരം വരുമാന സ്രോതസ്സുകൾ പരമാവധി ഉപയോഗപ്രദമാക്കേണ്ടതുണ്ട്. ആയത് റിപ്പയർ ചെയ്ത് വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയും പ്രകാരമുള്ള കരാറുകാർ വിവിധ മരാമത്ത് ജോലികൾ നിർവ്വഹിച്ചതായി കാണുന്നു. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കരാറുകാരിൽ നിന്നും 2015-16 വർഷത്തിൽ നികുതി പിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല.
കരാറുകാരുടെ പേരു വിവരങ്ങൾ

1. കെ. രാജൻ
2. കെ.പി. വാസു
3. എം. വാസുദേവൻ
4. കെ. അബ്ദുൾ റഹിമാൻ

5. കെ. സുജയൻ
6. സി.എം. അബ്ദുൾ ഖാദിർ
7. കെ.കെ. ലിജീഷ്

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി പിരിവിലെ അപാകത സംബന്ധിച്ച്

2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തു പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ വസ്തു നികുതി പരിശോധിച്ചതിൽ നിന്നും 18 വാർഡുകളിൽ നിന്നായി തൻവർഷം 2521398 രൂപയും, മുൻവർഷങ്ങളിലെ കുടിശ്ശിക 3721152 രൂപയും ഈടാക്കുവാൻ ബാക്കിയുണ്ട്. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും അരിയർ ഡിമാന്റ് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 2-5 ഡി & ഒ അപാകതകൾ സംബന്ധിച്ച്

1) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഡി & ഒ ലൈസൻസ്) ചട്ടങ്ങൾ പ്രകാരമുള്ള നിരാക്ഷേപ പത്രങ്ങൾ വയ്ക്കാതെയാണ് ചില അപേക്ഷകൾക്ക് ലൈസൻസ് നൽകിയതായി കാണുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| സ്ഥാപനം | ലൈസൻസ് നം | ആവശ്യമായ നിരാക്ഷേപ പത്രം |
|---|---|---|
| മോഹനൻ,<br>ജനറൽ മെയിന്റനൻസ് | 593/2015 | മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി പത്രം |
| ഡോ. സക്കീർ<br>മെഡികെയർ ക്ലിനിക് | 438/2015 | മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി പത്രം |
| ടി.കെ. ഇബ്രാഹിം,<br>താളം ഫുഡ് പ്രൊഡക്ട്സ് | 1020/2015 | മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി പത്രം |

2)ജി.ഒ (ആർ.ടി) 795/2007/തസ്വഭവ 16.3.2007 പ്രകാരം ഡി & ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ സ്ഥാപന ഉടമകളിൽ നിന്ന് 30 മൈക്രോണിൽ താഴെയുള്ള കാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുമെന്നുള്ള അണ്ടർ ടേക്കിംഗ് വാങ്ങേണ്ടതാണ്.

3) അപേക്ഷാഫോമുകളിൽ പലതിലും കോർട്ട് ഫീ സ്റ്റാമ്പുകൾ കാൻസൽ ചെയ്തതായി കാണുന്നില്ല. ആയത് ശ്രദ്ധിക്കേണ്ടതാണ്.

4) കച്ചവട സ്ഥാപനങ്ങളുടെ വാർഡു തിരിച്ചുള്ളതോ അല്ലാത്തതോ ആയ കൃത്യമായ കണക്കുകൾ പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. അതിനാൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസിന്റെ പരിധിയിൽ വന്നുവോ എന്ന കാര്യത്തിൽ ഉറപ്പു വരുത്താൻ കഴിയുന്നില്ല. അപാകതകൾ ക്രമീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം- വകയിരുത്തിയ തുകയുടെ പകുതിമാത്രം ചെലവ്.

2015-16കാലയളവിൽ അസി.എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ അംഗീകാരം കിട്ടിയ പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ടുകൾ/<br>തുക | അംഗീകാരം ലഭിച്ചത്/<br>വകയിരുത്തിയത് | നടപ്പാക്കിയത്<br>/ചെലവഴിച്ചത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 232 | 89 | 38% |
| തുക | 36941886 | 20336550 | 55% |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 38%പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 55 % തുകയെ ചെലവഴിക്കാനും സാധിച്ചിട്ടുള്ളൂ.

കുറഞ്ഞ ധനവിനിയോഗത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ വിശദീകരണത്തിൽ സ്റ്റാഫിന്റെ പരിമിതിയും പ്രൊജക്ടുകളുടെ ബാഹുല്യവുമാണ് കാരണമായി ചൂണ്ടി കാണിച്ചത്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആകെ 2 ജീവനക്കാർ മാത്രമാണുള്ളത്. തൻവർഷം 232പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചു. ഒരു എഞ്ചിനീയറും പരിമിതമായ സ്റ്റാഫും വെച്ച് ഇത്രയും പ്രൊജക്ടുകൾ നിർവ്വഹിക്കാൻ ബുദ്ധിമുട്ടാണ്. മാത്രമല്ല പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പു വരുത്തുവാൻ സൈറ്റ് സന്ദർശിക്കാൻ കഴിയാത്തതുമൂലം സാധിക്കുകയുമില്ല. കുറഞ്ഞ തുക വകയിരുത്തി കൂടുതൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതാണ് പ്രൊജക്ടുകളുടെ ബാഹുല്യത്തിന് ഒരു കാരണം. പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാത്തതുമൂലം ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കപ്പെടുകയും ചെയ്യുന്നു. മേൽ വിഷയത്തിൽ പരിഹാര നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 കുടിവെള്ള പദ്ധതികളുടെ വൈദ്യുതികരം കുടിശ്ശിക അടവാക്കിയത്

2015-16 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പ്രോജക്ട് വച്ച് കുടിവെള്ള പദ്ധതിയുടെ വൈദ്യുതികരം കുടിശ്ശിക അടവാക്കിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്: വൈദ്യുതി കുടിശ്ശിക അടവാക്കൽ

അടങ്കൽ 60000/- രൂപ

ചെലവ് 58135 /-രൂപ

ഫണ്ട് സ്രോതസ്സ് : മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ബിൽ നം 14/15-16 തുക 58135 തിയതി 30-10-2015

കപ്പൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള പദ്ധതികളുടെ വൈദ്യുതികരം കുടിശ്ശികയായതി നാൽ ആയത് ഈടാക്കുന്നതിനായി കപ്പൂർ വില്ലേജ് ഓഫീസറെ അധികാരപ്പെടുത്തി ബഹു ജില്ലാ കലക്ടർ റവന്യു റിക്കവറി നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും താഴെ പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്

1.ഡി.ഡി നം 529473 തുക 53764/- തിയതി 30-10-2015

2.ഡി.ഡി നം 529474 തുക 4371/- തിയതി 30-10-2015

കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഗുണഭോക്തൃസമിതി കൺവീനർമാർ പിരിച്ചെടുത്ത് അടവാക്കാത്ത തിനാലാണ് കുടിശ്ശിക വരാൻ ഇടയായത് എന്ന് ഫയലിൽ എഴുതിക്കാണുന്നു.എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 10)ലഭ്യമാക്കിയ മറുപടിയിൽ കുടിവെള്ള പദ്ധതികൾ എഗ്രിമെന്റ് വച്ച് ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടില്ല എന്നറിയിക്കുകയുണ്ടായി.

ചെറുകിട ജലസേചന പ്രൊജക്ടുകളുടെ നിർമ്മാണം പൂർത്തിയായാൽ തുടർ നടത്തിപ്പിന് ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള രജിസ്റ്റർ ചെയ്ത സമിതികളെ രേഖാമൂലം ഏൽപ്പിക്കണം. വൈദ്യുതചാർജ് ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും സമിതി വഹിക്കണം. സമിതി തയ്യാറായില്ലെങ്കിൽ പഞ്ചായത്ത് ഏറ്റെടുത്ത് ഗുണഭോക്താക്കളിൽ നിന്ന് ചാർജ്ജ് പിരിക്കണം. കുടിവെള്ള പദ്ധതികളുടെ വൈദ്യുതികരം ഗുണഭോക്താക്കളിൽനിന്നും ഇപ്രകാരം ഈടാക്കിയ തുകയിൽനിന്നും കൃത്യസമയത്ത് അടവാക്കേണ്ടതും, ഇത്തരത്തിലുള്ള എല്ലാ പ്രോജക്ടുകളുടേയും തുടർ നടത്തിപ്പും, അറ്റകുറ്റപ്പണികളും ഗുണഭോക്തൃ സമിതികൾക്ക് ഏൽപ്പിച്ച നൽകേണ്ടതുമാണ്.

## 3-3 സാന്ത്വന പരിചരണം-അപാകതകൾ

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവഹണ ഉദ്യോഗസ്ഥനായി സാന്ത്വന പരിചരണം എന്ന താഴെ പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു

പ്രൊ.നം.147/2015 സാന്ത്വന പരിചരണം

ഫണ്ട് സ്രോതസ്സ് - വികസന ഫണ്ട് ജനറൽ
അടങ്കൽ – 300000

ചെലവ് – 300000

| ക്രമ നം | ബിൽ നം | തുക | തിയതി |
|---|---|---|---|
| 1 | 04/15-16 | 22650 | 30-06-2015 |
| 2 | 05/15-16 | 46500 | 17-07-2015 |
| 3 | 06/15-16 | 24100 | 17-07-2015 |
| 4 | 07/15-16 | 24050 | 13-08-2015 |
| 5 | 08/15-16 | 27250 | 20-10-2015 |
| 6 | 09/15-16 | 16450 | 14-01-2016 |
| 7 | 10/15-16 | 39700 | 11-02-2016 |
| 8 | 12/15-16 | 19100 | 25-02-2016 |
| 9 | 13/15-16 | 80200 | 30-03-2016 |
| | ആകെ | 300000 | |

2015-16 വർഷത്തിൽ പാലിയേറ്റീവ് പരിചരണത്തിനായി 300000രൂപ ഗ്രാമപഞ്ചായത്ത് ചെലവിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ പദ്ധതിഫണ്ടിന്റെ നല്ലൊരു ഭാഗവും ചെലവഴിച്ചിട്ടുള്ളത് ഭക്ഷണം, ഓണറേറിയം, വാഹന വാടക എന്നീ കാര്യങ്ങൾക്ക് മാത്രമാണെന്ന് കാണുന്നു. സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്ന ശയ്യാവലംബരുമായ രോഗികൾക്ക് ആവശ്യമായ വാട്ടർ ബെഡ്, വീൽചെയർ, വാക്കർ, യൂറിനൽ മുതലായ സാമഗ്രികളൊന്നും വാങ്ങി നൽകിയതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. തുടർ വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ (സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

2. രോഗികൾക്ക് ആവശ്യമായ അത്യാവശ്യ സാമഗ്രികൾ വിതരണം ചെയ്യുന്നതിനായി നിശ്ചിത തുക മാറ്റി വെക്കേണ്ടതാണ്.

3. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കുന്നവേളയിൽ പ്രതിദിന വാടക അനുവദിച്ച പരിധിയിൽ അധികരിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അപാകതയിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പരിഹാര നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

1. <u>മീഡിയശ്രീ (project no.328/2016)</u>

സ.ഉ(സാധാ)നം. 3206/2014/ത.സ്വ.ഭ.വ തിയതി 5-12-2014 പ്രകാരം കുടുംബശ്രീ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാന പദ്ധതികളുടെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി 2014-15 വർഷത്തിൽ തനതുഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ 65000 ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം. 482/2015 തിയതി 18-2-2015 പ്രകാരം സൗത്ത് എഷ്യൻ കോളേജ് എന്ന സ്ഥാപനം മുഖേന ഡോക്യുമെന്ററി നിർമ്മിക്കുവാൻ മുൻകൂറായി 30% തുക കുടുംബശ്രീക്ക് നൽകുന്നതിനും ജില്ലാതലത്തിൽ ഡി.ഡി.പി അധ്യക്ഷനായും ഡി.എം.സി അംഗവുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2014-15 വർഷത്തിൽ തുക അനുവദിക്കുവാനാണ് സർക്കാർ അനുമതിയെങ്കിലും തുക അനുവദിച്ചിട്ടുള്ളത് 2015-16 വർഷത്തിലാണ്. സർക്കാർ ഉത്തരവനുസരിച്ച് 65000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ പേരിൽ അയച്ചുകൊടുത്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം | ഫണ്ട് സ്രോതസ്സ് | അടങ്കൽ | ചെലവ് | ബിൽനം തിയതി |
|---|---|---|---|---|
| 328/2016 | ധനകാര്യ കമ്മീഷൻ അവാർഡ് | 65000 | 65000 | 13/15-16<br>11-09-2016 |

തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2. <u>എെ.എ.വൈ ഭവന പദ്ധതി (project nos.376,377,378)</u>

| പ്രൊജക്ട് നം | ഫണ്ട് സ്രോതസ്സ് | അടങ്കൽ | ചെലവ് | ബിൽനം തിയതി |
|---|---|---|---|---|
| 376/2016 | വികസന ഫണ്ട്<br>(SCP) | 280000 | 280000 | 32/15-16<br>31-03-2016 |
| 377/2016 | ധനകാര്യ കമ്മീഷൻ അവാർഡ് | 360000 | 360000 | 31/15-16<br>31-03-2016 |
| 278/2016 | വികസന ഫണ്ട്<br>(SCP) | 1350000 | 1350000 | 34/15-16<br>31-03-2016 |
| | | ആകെ | 1990000 | |

ഐ.എ.വൈ. പദ്ധതിവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ മേൽ സൂചിപ്പിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

## 3-5 അസാധാരണ ചെലവുകൾ-ചട്ടങ്ങൾ പാലിക്കണം

2015-16 ലെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ ഉദ്ഘാടനങ്ങൾ, സംഭാവനകൾ തുടങ്ങിയ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് അസാധാരണ ചെലവിനങ്ങളായി പരിഗണിക്കാതെ ദൈനംദിന ചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കാണുന്നു. ചെലവ് രേഖകളിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തിയിരിക്കണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതും അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ തനത് ഫണ്ട് സ്ഥിതി വളരെപരിതാപകരമായ സ്ഥിതിയിലാണെന്നത് കൂടി പരിഗണിച്ച്, അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറണം

പഞ്ചായത്ത് ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പ്രകാരം രണ്ട് കുടിവെള്ള പദ്ധതികളുടെ പരിപാലനം ഇപ്പോഴും പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ്. അമേറ്റിക്കര, കണ്ണാന്തളി കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിന് 2015-16 ൽ താഴെപറയും വിധം വൈദ്യുതി ചാർജ്ജ് ഒടുക്കിയിട്ടുണ്ട്.

| ഒടുക്കിയ തുക | വൗച്ചർ നം/തിയ്യതി |
|---|---|
| 3606 | 21500026/10.4.15 |
| 1664 | 21500095/14.5.15 |
| 2441 | 21500144/9.6.15 |
| 3705 | 21500145/9.6.15 |
| 85 | 21500219/01.7.15 |
| 1534 | 21500273/29.7.15 |
| 5525 | 21500299/3.8.15 |
| 2580 | 21500274/3.8.15 |
| 2015 | 21500322/12.8.15 |
| 2830 | 21500433/22.9.15 |
| 3502 | 21500488/7.10.15 |
| 2188 | 21500582/16.11.15 |
| 2651 | 21500611/28.11.15 |
| 3510 | 21500676/8.12.15 |
| 2651 | 21500785/29.1.16 |
| 5712 | 21500786/30.1..16 |
| 1055 | 21500927/28.2.16 |

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, പരിപാലനം എന്നിവ അതത് പദ്ധതികളുടെ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കണമെന്നും അവയുടെ നടത്തിപ്പ് പഞ്ചായത്ത് ഫണ്ടിന് ബാധ്യതയാകരുതെന്നും സർക്കാർ നിർദ്ദേശമുണ്ടെന്നിരിക്കെ അവയുടെ പരിപാലനം പഞ്ചായത്ത് തന്നെ തുടർന്നു കൊണ്ട് പോകുന്നത് അഭിലഷണീയമല്ല (ഖണ്ഡിക 3-2 കൂടി കാണുക). ആയതിനാൽ ടി പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല

കപ്പൂർ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുന്നതിനു വേണ്ടി 2015-16 സാമ്പത്തിക വർഷത്തിൽ പ്രതിമാസം 42343/- രൂപ വീതം ആകെ 508116 രൂപ വൈദ്യുതി ബില്ല് ഒടുക്കിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം ഇനം വിളക്കുകൾ എത്രയെണ്ണം യഥാർത്ഥത്തിൽ പ്രകാശിക്കുന്നുണ്ട് എന്നത് സംബന്ധിച്ച യാതൊരു കണക്കുകളും പഞ്ചായത്തിന്റെ രേഖകളിലില്ല. ഓഡിറ്റിനു ഹാജരാക്കിയ തെരുവുവിളക്ക് രജിസ്റ്ററിൽ 2013-2014 മുതൽ യാതൊരു രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല. പ്രകാശിക്കുന്ന തെരുവുവിളക്കുകളുടെ യഥാർത്ഥ എണ്ണവും ഇനവും K.S.E.B യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കണ്ടെത്തി അതനുസരിച്ച് തയ്യാറാക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ക്രമീകരിക്കേണ്ടതാണ്. ഒടുക്കേണ്ട യഥാർത്ഥ തുക നിശ്ചയിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ പരിമിതമായ തനത് ഫണ്ടിൽ നിന്ന് അധിക ചെലവുകളൊഴിവാക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-8 വാഹനത്തിന്റെ പരിപാലനം – മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കണം

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഓഫീസ് വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് പരിപാലിച്ച് വരുന്ന ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകൾ കൃത്യമോ ആധികാരികമോ അല്ല. ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. 2015-16 സാമ്പത്തിക വർഷം വാങ്ങിയ ഇന്ധനത്തിന്റെ അളവുകൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയത് അധികാരപ്പെട്ട ആരും സാക്ഷ്യപ്പെത്തിയിട്ടില്ല.

2. വാങ്ങിയ ഇന്ധനത്തിന്റെ അളവും ഓടിയ കിലോമീറ്ററും സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തി മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കുന്നില്ല. ആയതിനാൽ ആവശ്യാനുസരണംമാത്രമാണ് ഇന്ധനം വാങ്ങുന്നത് എന്നുറപ്പ് വരുത്താനാവുന്നില്ല.

3. വാഹനത്തിന്റെ ഇന്ധനോപയോഗക്ഷമതാസാക്ഷ്യപത്രം ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാക്കുകയോ സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

4. വാഹനം ഉപയോഗിച്ചവരുടെ പേര് ലോഗ്ബുക്കിൽ എഴുതുന്നുണ്ടെങ്കിലും ആയത് സാക്ഷ്യപ്പെടുത്തുന്നതിൽ പരാമർശാർഹമാം വിധം വീഴ്ച വരുത്തിയിട്ടുണ്ട്.. ആയതിനാൽ ഈ കാലയളവിൽ, ടി അധികാരികൾ വാഹനം ഉപയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്താനായിട്ടില്ല. 6/2016 മുതൽ 10/2016വരെ പഞ്ചായത്ത് പ്രസിഡണ്ടും ജീവനക്കാരും വാഹനം ഉപയോഗിച്ചുവെന്ന് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി വ്യക്തികൾ രജിസ്റ്ററിൽ ഒപ്പു വെച്ചിട്ടില്ല.

5. ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ 30/06/2007ൽ നിർദ്ദേശിച്ച പ്രകാരം ഓരോ കസ്റ്റോഡിയൻ ഓഫീസറും താഴെ പറയുന്ന രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കേണ്ടതാണ്.

1.പെട്രോൾ/ഡീസൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്

2.റിപ്പയർ രജിസ്റ്റർ

3.ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ

സർക്കാരിന്റെ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിയ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതാണ്.

വാഹനം ശരിയായ രീതിയിൽ ഉപയോഗിക്കുന്നു എന്നുറപ്പു വരുത്താൻ, വാഹനത്തിന്റെ കസ്റ്റോഡിയൻ എന്ന നിലയിൽ സെക്രട്ടറിയും കൂടാതെ ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി നടത്തിപ്പ്-അവലോകനം

2010-11 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് 2012-13 ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടാണ് കപ്പൂർ ഗ്രാമ പഞ്ചായത്തിൽ ഒന്നാം ഘട്ട ആശ്രയ പദ്ധതി തയ്യാറാക്കി അംഗീകാരം നേടിയത്.

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ ഉൾപ്പെടുത്തി അഗതി കുടുംബങ്ങൾക്കുവേണ്ടി ആശ്രയ പദ്ധതി നടപ്പാക്കണമെന്ന് 14-5-2007ലെ ജി.ഒ.(എം.എസ്)128/2017നമ്പർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യറാക്കിയ ഗ്രാമ പഞ്ചായത്തിന്റെ ആശ്രയ പ്രോജക്ടിന് 4.10.2011ലെ 2573/10/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു. തുടർന്ന് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.8.2010 ലെ KS/L/2346/ 2002/(34) നമ്പർ ഉത്തരവ് പ്രകാരം ആശ്രയ ചലഞ്ച് ഫണ്ട് ഇനത്തിൽ 15 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തിന് അനുവദിക്കുകയുണ്ടായി.
75 അഗതി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ആസൂത്രണം ചെയ്ത ഗ്രാമപഞ്ചായത്തിന്റെ ആശ്രയ പദ്ധതിയിൽ വിഭാവനംചെയ്ത പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരമാണ്.

| ആവശ്യകതാ ഘടകങ്ങൾ | ഗുണഭോക്താക്കളായ കുടുംബങ്ങൾ | ഗുണഭോക്താക്കളായ വ്യക്തികൾ | തുക | വിഭവ സ്രോതസ്സ് |
|---|---|---|---|---|
| ഭക്ഷണം | 75 | 141 | 484740 | ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ |
| വസ്ത്രം | 75 | 141 | 211500 | -ടി- |
| ചികിത്സ | 39 | 60 | 300000 | -ടി- |
| വീട് | 20 | 20 | 2500000 | മിഷൻ/ പഞ്ചായത്ത് |
| സ്ഥലം | 1 | 1 | 75000 | -ടി- |
| വെള്ളം | 13 | 13 | 32500 | -ടി- |
| പെൻഷൻ | 14 | 17 | 61200 | പഞ്ചായത്ത് |
| വിദ്യാഭ്യാസം | 10 | 16 | 48000 | പഞ്ചായത്ത് |
| വീട് റിപ്പയർ | 29 | 29 | 290000 | ബ്ലോക്ക് |

| | | | | |
|---|---|---|---|---|
| കക്കൂസ് | 1 | 4 | 10000 | ബ്ലോക്ക് |
| വൈദ്യുതീകരണം | 3 | 3 | 3000 | ബ്ലോക്ക് |

കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ച 15 ലക്ഷം രൂപ 29.9.10 ലെ 92/48748 നമ്പർ രസീത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവിലെടുത്തു. ഇതിൽ നിന്നും അഞ്ച് ലക്ഷം രൂപ 11.7.2012 ന് സി.ഡി.എസ് ന്റെ അക്കൗണ്ടിലേക്ക് മാറ്റുകയും പദ്ധതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

2010-11 ൽ ആരംഭിച്ച് 2013-14 അവസാനിക്കുന്ന രീതിയിലാണ് പ്രോജക്ട് ആസൂത്രണം ചെയ്തതെങ്കിലും 2013-14 മുതൽ 2015-16 വരെ കാലയളവിലാണ് ഒന്നാം ഘട്ട പ്രോജകട് നടപ്പിലാക്കിയത്. താഴെ പറയുന്ന ഭൗതിക നേട്ടങ്ങളാണ് പദ്ധതിയിൽ കൈവരിക്കാനായത്.

| പ്രവർത്തനം | ഗുണഭോക്തൃ കുടുംബങ്ങൾ | ഭൗതിക നേട്ടം |
|---|---|---|
| ഭക്ഷണം | 74 | റേഷൻ വാങ്ങി നൽകലും ത്രിവേണി യിൽ നിന്നും ഭക്ഷ്യസാധനങ്ങൾ വാങ്ങിനൽകലും |
| വസ്ത്രം | | നൽകിയിട്ടില്ല. |
| ചികിത്സ | ലഭ്യമല്ല | ഒരു തവണ ക്യാമ്പ് നടത്തി മരുന്ന് നൽകി |
| വീട് | ലഭ്യമല്ല | വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കിയെങ്കിലും, ഇത് സംബന്ധിച്ച് രേഖകളൊന്നും ഹാജരാക്കിയിട്ടില്ല |
| സ്ഥലം | | യോഗ്യതയില്ലെന്ന് കണ്ടെത്തിയതിനാൽ നൽകിയിട്ടില്ല |
| വെള്ളം | 13 | പഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകി |
| പെൻഷൻ | | പഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകി |
| വിദ്യാഭ്യാസം | 11 വിദ്യാർത്ഥികൾ | അർഹരായ വിദ്യാർത്ഥികൾക്ക് കുട, ബാഗ് എന്നിവ വാങ്ങി നൽകുക |
| വീട് റിപ്പെയർ | 29 | വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കിയെങ്കിലും, ഇത് സംബന്ധിച്ച് രേഖകളൊന്നും ഹാജരാക്കിയിട്ടില്ല |
| കക്കൂസ് | 1 | -ടി- |
| വൈദ്യുതീകരണം | 3 | -ടി- |

ഒന്നാം ഘട്ട ആശ്രയ പ്രോജക്ട് വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

എ) ഗ്രാമ പഞ്ചായത്തുകൾക്ക് ആശ്രയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് 12.11.2003-ലെ ഉത്തരവ് നം. (എം.എസ്)71/2003/ ആസൂത്രണം പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ സമൂഹത്തിലെ ഏറ്റവും ദുർബലരായ ഒരു വിഭാഗത്തിന്റെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കുന്ന ഈ പ്രോജക്ട് നടപ്പാക്കുന്നതിൽ പഞ്ചായത്ത് വലിയ കാലതാമസം വരുത്തിയിട്ടുണ്ട്.

ബി) പ്രോജക്ട് നടപ്പാക്കുന്നതിനായി കുടുംബശ്രീ മിഷനിൽ നിന്നും 29.9.2010 ന് ലഭിച്ച തുക 11.7.2012 വരെ പദ്ധതി നിർവ്വഹണത്തിനായി സി.ഡി.എസിന് നൽകാതിരുന്നത് വീഴ്ചയാണ്. ഇത് പദ്ധതി നിർവ്വഹണം വീണ്ടും വൈകുന്നതിന് ഇടയാക്കി.

സി) ഭക്ഷണം, വിദ്യാഭ്യാസം എന്നിവയൊഴികെ ആശ്രയ പ്രോജക്ട് വിഭാവനം ചെയ്ത മറ്റ് പ്രവർത്തനങ്ങൾ- തൊഴിൽ പരിശീലനം, ട്യൂഷ്യൻ ഫീ നൽകൽ, മരുന്ന്, വസ്ത്രം എന്നിവ നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയില്ല. നിർവ്വഹിക്കപ്പെട്ട പ്രവർത്തനങ്ങൾ ശരിയായി വിലയിരുത്തിയിട്ടില്ല. നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സ്ഥിതിവിവര കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

ഡി) കുട, ചെരിപ്പ്, ബാഗ് തുടങ്ങിയ പഠനോപകരണങ്ങൾ വാങ്ങുന്നതിന് 2013-14, 2014-15 വർഷങ്ങളിൽ യഥാക്രമം 8932,8704/- രൂപ ചലഞ്ച് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പിൽനിന്നും തുക കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ മാത്രമേ ചലഞ്ച് ഫണ്ട് ഈആവശ്യത്തിനു വിനിയോഗിക്കാൻ അനുമതിയുള്ളൂ. എന്നാൽ സ്പോൺസർഷിപ്പിൽ നിന്നും തുക കണ്ടെത്താൻ നടപടിയൊന്നും സ്വീകരിക്കാതെ ചലഞ്ച് ഫണ്ട് വിനിയോഗിക്കുകയാണ് ചെയ്തത്.

സ.ഉ (എം എസ്) 362/2013 ത.സ്വ.ഭ.വ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാവൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കാവുന്നതാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പ് യഥാസമയം ഉറപ്പുവരുത്താത്തതിനാൽ ഒന്നാംഘട്ട പദ്ധതി പൂർണ്ണമായി ലക്ഷ്യം കണ്ടില്ല.

രണ്ടാം ഘട്ട പദ്ധതി

(2013-14 മുതൽ 2015-16 വരെ)

2013-14 വർഷത്തിൽ തുടങ്ങുവാൻ ലക്ഷ്യമിട്ട പദ്ധതിയുടെ ആക്ഷൻ പ്ലാനിന് ഭരണാനുമതി ലഭ്യമായത് 30.12.2013 നാണ്.

ഗുണഭോക്തൃ കുടുംബങ്ങൾക്കുവേണ്ടി തയ്യാറാക്കിയ പദ്ധതി വിഭാവനം ചെയ്യുന്ന പ്രവർത്തന ഘടകങ്ങൾ താഴെ പറയുന്നു.

<table>
<tr><th>ആവശ്യകതാ ഘടകങ്ങൾ</th><th>ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം</th><th>വകയിരുത്തിയ തുക</th><th>ഫണ്ട്</th><th>ഭൗതിക നേട്ടം</th></tr>
<tr><td>ഭക്ഷണം</td><td>145</td><td>681000<br>423120</td><td>ചലഞ്ച്ഫണ്ട്<br>പ്ലാൻ ഫണ്ട്</td><td rowspan="6">പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>ഭക്ഷണം, ചികിത്സ,<br><br>എന്നീ ഇനങ്ങളിൽ മാത്രമാണ് 2015-16 വർഷത്തിൽ സേവനം നൽകിയത്.</td></tr>
<tr><td>ചികിത്സ</td><td>134</td><td>301500</td><td>ചലഞ്ച്ഫണ്ട്</td></tr>
<tr><td>വീട്</td><td>9</td><td>2250000</td><td>പ്ലാൻ ഫണ്ട്</td></tr>
<tr><td>വീട് റിപ്പയർ</td><td>24</td><td>480000</td><td>പ്ലാൻഫണ്ട്</td></tr>
<tr><td>കക്കൂസ്</td><td>1</td><td>4600</td><td>ടി.എസ്.സി.</td></tr>
<tr><td>വസ്ത്രം</td><td>145</td><td>217500</td><td>സംഭാവന</td></tr>
</table>

ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന എല്ലാ ഗുണഭോക്താക്കളുടെയും ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റപ്പെടാത്ത സാഹചര്യത്തിൽ പുന:സന്ദർശനം നടത്തി തുടർ സേവനങ്ങൾക്കായി പ്രൊജക്ട് തയ്യാറാക്കി അംഗീകാരവും ഫണ്ടും ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ ഈ നടപടി ക്രമങ്ങൾ യഥാസമയം പാലിക്കാതിരുന്നതു കാരണം ഒന്നാംഘട്ടത്തിലെ ഗുണഭോക്താക്കൾക്ക് ഭക്ഷണം ഉൾപ്പെടെയുള്ള തുടർ സേവനങ്ങൾ ലഭ്യമാകാത്ത സ്ഥിതിയാണുള്ളത്.

ഒന്നാം ഘട്ട പദ്ധതിയുടെ ചലഞ്ച് ഫണ്ട് 1500000 രൂപ കിട്ടിയതിൽ ചെലവഴിക്കാൻ ബാക്കിയുള്ള 1181463 രൂപ പദ്ധതിയിൽ നിലവിലുള്ള ഗുണഭോക്താക്കൾക്ക് മാത്രമായി ചെലവഴിക്കണമെന്ന നിബന്ധനക്ക് വിധേയമായാണ് രണ്ടാം ഘട്ട പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുള്ളത്. പ്രസ്തുത തുക സമയബന്ധിതമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പദ്ധതി ഓരോ ഘട്ടം പുരോഗമിക്കുമ്പോൾ മുൻ ഘട്ടങ്ങളിലെ തുടർ സേവനം ആവശ്യമുള്ളവരെ പാതിവഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത ഒഴിവാക്കണം. ആക്ഷൻ പ്ലാനിൽ വിഭാവനം ചെയ്തിരുന്ന ആവശ്യകതകൾ പൂർത്തീകരിച്ചാൽ മാത്രമെ പദ്ധതി ലക്ഷ്യം നേടിയതായി കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. ആശ്രയ പദ്ധതിയുടെ സാമൂഹ്യ പ്രതിബദ്ധത നിറവേറ്റാൻ ഉതകുന്നവിധത്തിൽ കാര്യക്ഷമമായും സമയബന്ധിതമായും വിവിധ സേവനഘടകങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു എന്ന ഉറപ്പ് വരുത്തുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 ഗുണഭോക്താവിന്റെ പേരിൽ വാഹനം രജിസ്റ്റർ ചെയ്തില്ല- ചെലവ് തുക 69000 രൂപ തടസ്സത്തിൽ വെക്കുന്നു

പ്രൊജക്ട് നം-343/2015-16 വികലാംഗർക്ക് ഉപകരണങ്ങൾ നൽകൽ (SCP)

നിർവ്വഹണം-ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ-250000

ചെലവ്-111980

ട്രഷറി ബിൽ നം-15/15-16/28.3.16

1.2.16 ന് നടത്തിയ അർഹതാ നിർണ്ണയ ക്യാമ്പിൽ വെച്ച് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് കെൽട്രോൺ മുഖാന്തിരമാണ് വിവിധ സഹായ ഉപകരണങ്ങൾ വിതരണം നടത്തിയത്. അതിൽ സൈഡ് വീലോട്ടു കൂടിയ സ്കൂട്ടർ ലഭിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ശാരദ, മേലൂട്ട് വളപ്പിൽപടി, കല്ലടത്തൂർ എന്ന ഗുണഭോക്താവിന് MCDRD1B1VG1B06505 എന്ന ഷാസി നമ്പറും MDEGB007597 എന്ന എൻജിൻ നമ്പറും ഉള്ള Mahindra Rodeo uzo125 എന്ന വാഹനം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വാഹനം ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. വാഹനം യഥാർത്ഥ ഗുണഭോക്താവിന്റെ കൈവശത്തിലും ഉപയോഗത്തിലും തന്നെയാണ് ഉള്ളത് എന്ന് രേഖാമൂലം ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ വാഹനത്തിനായി ചെലവഴിച്ച തുക 69000 രൂപ (ട്രഷറി ബിൽ

നം-15/15-16/ 28.3.16 പ്രകാരമുള്ള 111980 രൂപയുടെ ചെലവിൽ ഉൾപ്പെട്ട തുക) രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| | ലഭിച്ചിട്ടില്ല | | | |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

### 4-4 വായ്പ

(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധി യിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാൻ അവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) <u>വായ്പ തിരിച്ചടവിന്റെ വിവരം</u>

വായ്പ ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം,തിയതി |
|---|---|---|---|---|

| | | |
|---|---|---|
| | ഇല്ല | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| ഒന്നുമില്ല | | | |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെട്ട വിച്ച വിവരം | ചാർട്ടേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1. | PHC കപ്പൂർ | 28.6.2007 | 2014-15 | 26.7.2016 | 26.7.2016 | പുറപ്പെടുവിച്ചിട്ടില്ല | 2014-15 | |
| 2 | GAD കപ്പൂർ | 2008-09 | 2008-09 മുതൽ 2015-16 വരെ | 20.10.2016 | നടത്തിയിട്ടില്ല | - | ഇല്ല | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34841012 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50094786 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 69000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഒന്നുമില്ല | |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 69000 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഒന്നുമില്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| - | - | - |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFP6-18568/00/11-12-00 | മുഴുവൻ ഖണ്ഡികകളും |
| 1998-99 | LFP6-18568/00/11-12-00 | -do- |
| 1999-00 | LFP11-28/05/29-08-2005 | -do- |
| 2000-01 | LFP11-733/06/16-10-2006 | -do- |
| 2001-02 | LFP11-734/06/16-10-2006 | -do- |
| 2002-03 | LFP11-1617/08/2-1-2010 | -do- |
| 2003-04 | LFP11-1618/08/2-1-2010 | -do- |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 2004-05 | LFP11-1619/08/2-1-2010 | -do- |
| 2005-06 | LFP20-1006/11/3011-11 | -do- |
| 2006-07 | LFP20-1007/11/3011-11 | -do- |
| 2007-08 | LFP20-1008/11/30-11-11 | -do- |
| 2008-09 | LFP20-75/13/22-3-13 | -do- |
| 2009-10 | LFP20-75/13/22-3-13 | -do- |
| 2010-11 | LF6-20/75/13/22-3-13 | -do- |
| 2011-12 | LFP20-1276/14/10-10-2014 | -do- |
| 2012-13 | LFP20/882/15/26-08-2015 | -do- |
| 2013-14&<br>2014-15 | KSA-PKD20/1103/2016 /31-07-2016 | -do- |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

നം.കെ.എസ്.എ-പികെഡി20/90/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തിയതി-12.01.2017

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശ്ശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 31.3.2016 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കപ്പൂർ ഗ്രാമപഞ്ചായത്ത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവ പ്രകാരം തയ്യാറാക്കിയ 2015-16 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതകളുടെ സംഗ്രഹം

1. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 'സഞ്ചയ' പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക കണക്കുകൾ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിനത്തിൽ 122283/- രൂപയും ബിൽഡിങ് റഗുലറൈസേഷൻ ഫീസിനത്തിൽ 58714/- രൂപയും വരവുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ വരവിന്റെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. വിവിധ സ്ഥാവര ജംഗമ ആസ്തികളുടെ മൂല്യവും കൊടുത്തു തീർക്കാനുള്ള തുകകളുടെ വിവരങ്ങളും ചേർത്ത് ആസ്തി ബാധ്യതകൾ പൂർണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD20/90/2017

Kerala State Audit Department

District Audit Office, Palakkad

Date –12.01.2017

## Audit Certificate

Certified that I have audited the Annual Financial Statement of KAPPOOR Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of KAPPOOR Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1).Property tax demand and arrear demand registers are not produced for verification. Demand, Collection and Balance details of property tax as per Sanchaya Software, are not in confirmity with the figures as shown in the Annual Financial Statement.

2). As per Annual Financial Statement, reciept under the head Permit fee for construction of buildings is Rs.122283/- and that under Regularisation fee is Rs.58714/- But Annual abstract has not been prepared and certified by the Secretary in the register concerned.

3). Value of assets and the amount in terms of payables are not calculated and included in the Balance sheet.

Deputy Director